# വൈദികരെ സംബന്ധിച്ച ഡിക്രി

**ഡോ. ഡോമിനിക്ക് വെച്ചൂർ, ബ്ര. തോമസ് തയ്യിൽ**

**ആമുഖം:**

മിശിഹായുടെ മൗതികശരീരവും ദൈവജനത്തിന്റെ കൂട്ടായ്മയുമായ തിരുസഭയുടെ ജീവിതത്തിലും ശുശ്രൂഷയിലും, മെത്രാന്മാർക്കും സന്യസ്തർക്കും അല്മായർക്കുമുള്ള സ്ഥാനവും ദൗത്യവും നന്നായി വിശദീകരിച്ച കൗൺസിൽ പിതാക്കന്മാർ ഈ ഡിക്രിയിലൂടെ വൈദികശുശ്രൂഷയും അവരുടെ ജീവിതവും സംബന്ധിച്ച ഉദാത്തമായ ദർശനങ്ങളാണു നമുക്കു നല്കുന്നത്. 1965 ഡിസംബർ 7 -ാം തീയതിയാണ് ഈ ഡിക്രി പ്രസിദ്ധീകൃതമാകുന്നത്. പ്രെസ്ബിത്തെരോരും ഓർദിനിസ് (Presbyterorum Ordinis = വൈദികരുടെ ശ്രേണി) എന്നതാണ് ഈ ഡിക്രിയുടെ ഔദ്യോഗികപേര്. തിരുസഭയെക്കുറിച്ചുള്ള പ്രമാണരേഖയുടെ 28-ാം ഖണ്ഡികയിൽ വൈദികരെക്കുറിച്ചു പറഞ്ഞിരിക്കുന്നവയുടെ വിശകലനമാണ് ഈ ഡിക്രി. വൈദികശുശ്രൂഷയുടെ പ്രാധാന്യവും വിവിധതലങ്ങളും സമ്യക്കായി പ്രതിപാദിക്കുകയാണ് ഈ ഡിക്രിയിൽ.

## പ്രധാന ചിന്തകൾ

### i) വൈദികശുശ്രൂഷയ്ക്ക് തിരുസഭയിലുള്ള പ്രാധാന്യം:

വൈദികർ തിരുപ്പട്ടം എന്ന കൂദാശവഴി പുരോഹിതനും രാജാവും ഗുരുവുമായ ഈശോയോട് അനുരൂപരാക്കപ്പെടുകയും അവനുവേണ്ടി ശുശ്രൂഷ ചെയ്യുവാൻ നിയുക്തരാവുകയുമാണ്. ഈശോയുടെ നാമത്തിൽ പ്രവർത്തിക്കുവാൻ പൗരോഹിത്യാഭിഷേകംവഴി വൈദികർ പ്രത്യേകമായി മാറ്റിവയ്ക്കപ്പെടുന്നു. തിരുസഭയെ പടുത്തുയർത്തുവാനും മനുഷ്യമക്കളിൽ ദൈവികജീവൻ വർദ്ധമാനമാക്കുവാനും അതുവഴി ദൈവത്തെ മഹത്ത്വപ്പെടുത്തുവാനും ഓരോ പുരോഹിതനും വൈദികപട്ടം വഴി ഔദ്യോഗികമായി നിയോഗിക്കപ്പെടുന്നു. മെത്രാന്മാരുടെ കൈവയ്പുവഴി പൗരോഹിത്യത്തിലേക്ക് ഉയർത്തപ്പെടുന്ന വൈദികരുടെ ശുശ്രൂഷയും ജീവിതവും മെത്രാൻസ്ഥാനത്തോടു വളരെ അഭേദ്യമായ രീതിയിൽ ബന്ധപ്പെട്ടാണു മുന്നേറുന്നത്.

വൈദികർ ഈ ലോകത്തിലാണെങ്കിലും ഈ ലോകത്തിന്റേതാകാതെ, എന്നാൽ ലോകത്തോടു ബന്ധപ്പെട്ട്, വരാനിരിക്കുന്ന ലോകത്തിനുവേണ്ടി ജീവിക്കുന്നവരും ശുശ്രൂഷചെയ്യുന്നവരുമാണ്. വിവിധങ്ങളായ വൈദികശുശ്രൂഷകളിലൂടെയും വിശുദ്ധമായ ജീവിതത്തിലൂടെയും അവർ ഈശോയ്ക്കും അവന്റെ സഭയ്ക്കും അവന്റെ സുവിശേഷത്തിനും സാക്ഷ്യം വഹിക്കുന്നു.

### ii) വൈദികശുശ്രൂഷയുടെ വിവിധ തലങ്ങൾ:

വൈദികശുശ്രൂഷകളിൽ ഏറ്റവും പ്രധാനപ്പെട്ടതായി ഈ രേഖ എടുത്തുപറയുന്നതു മൂന്നു ദൗത്യങ്ങളാണ്: വചനത്തിന്റെ ശുശ്രൂഷ, കൂദാശകളുടെ ശുശ്രൂഷ, അജപാലനശുശ്രൂഷ. വൈദികരുടെ പ്രഥമകടമ ദൈവവചനം പാടവത്തോടെ പഠിപ്പിക്കുക എന്നതാണ്. ഒപ്പം, കൂദാശകളുടെ ശരിയായ പരികർമ്മം വഴിയും പ്രാർത്ഥനാജീവിതത്തിൽ വളരുവാൻ ദൈവജനത്തെ നന്നായി പഠിപ്പിച്ചും യാമപ്രാർത്ഥനകൾ നിർവ്വഹിച്ചും വൈദികർ സഭാഗാത്രത്തെ പടുത്തുയർത്തുന്നു. പ്രഘോഷിക്കപ്പെടുന്ന വചനത്തിന്റെ ആഘോഷമാണ് ആരാധനാക്രമത്തിലൂടെ വൈദികർ അനുഷ്ഠിക്കുന്നതെന്നും പിതാക്കന്മാർ പഠിപ്പിക്കുന്നു. വൈദികരുടെ പ്രധാനശുശ്രൂഷാവേദി ദൈവാലയമാണെന്നും ദൈവത്തിന്റെ ആലയം ഭംഗിയായും വെടിപ്പായും സൂക്ഷിക്കുന്ന കാര്യത്തിൽ വൈദികർ നിതാന്തജാഗ്രത പുലർത്തണമെന്നും ദൈവാരാധനാവിധികൾ കൃത്യമായി പഠിച്ചുപരിശീലിക്കണമെന്നും പിതാക്കന്മാർ വൈദികരെ ഓർമ്മിപ്പിക്കുന്നു. അജപാലകരെന്നനിലയിൽ അജഗണമായ ദൈവജനത്തോടു ബന്ധപ്പെട്ടാണ് വൈദികരുടെ ശുശ്രൂഷ നിർവ്വഹിക്കപ്പെടുന്നത്. അൾത്താരകേന്ദ്രീകൃതമായ ഒരു അജപാലനശൈലിയാണു കൗൺസിൽ പിതാക്കന്മാർ നിർദ്ദേശിക്കുന്നത്. ദിവ്യബലിയെ അടിസ്ഥാനവും കേന്ദ്രബിന്ദുവുമാക്കിയല്ലാതെ ഒരു ക്രിസ്തീയസമൂഹം കെട്ടിപ്പടുക്കുക സാധ്യമല്ല"(n.6) എന്നും ദരിദ്രരോടും പാർശ്വവൽക്കരിക്കപ്പെട്ടവരോടും പ്രത്യേകപരിഗണന വേണമെന്നും ഈ രേഖ പഠിപ്പിക്കുന്നു. മെത്രാനോടും സഹവൈദികരോടും സന്ന്യസ്തരോടും അല്മായസഹോദരരോടുമുള്ള ബന്ധത്തിലും കൂട്ടായ്മയിലും സഹകരണത്തിലുമാണ് വൈദികർ തങ്ങളുടെ ശുശ്രൂഷകൾ നിർവ്വഹിക്കേണ്ടതെന്നും ഈ രേഖ എടുത്തുപറയുന്നുണ്ട്. പൗരോഹിത്യശുശ്രൂഷ കാലദേശങ്ങളുടെ പരിധിക്കുമപ്പുറം സാർവ്വത്രികസഭയുടെ പൊതു ആവശ്യങ്ങൾകൂടി പരിഗണിച്ചുവേണം നടത്തുവാൻ. ഒപ്പം ദൈവജനത്തിനു വിശുദ്ധവും വിശ്വസ്തവുമായ ശുശ്രൂഷകൾ വിരളമാക്കുവാൻ കർത്താവ് അനുവദിക്കുകയില്ലെന്നതിനാൽ വൈദികരാകുവാനുള്ള യുവാക്കളുടെ തിരഞ്ഞെടുപ്പിലും പരിശീലനത്തിലും വൈദിക ദൈവവിളികൾ പ്രോത്സാഹിപ്പിക്കുന്നതിലും നിതാന്തജാഗ്രത പുലർത്തുവാൻ ഈ രേഖ ദൈവജനത്തെ മുഴുവൻ ക്ഷണിക്കുന്നു.

**iii) വൈദികരുടെ വ്യക്തിജീവിതം:**

വൈദികർ പൗരോഹിത്യസ്വീകരണം വഴി ഈശോയുടെ പ്രതിപുരുഷന്മാരാകുന്നു എന്നതിനാൽ ജീവിതവിശുദ്ധിയിലും പരിശുദ്ധാത്മാവിന്റെ കൃപകളിലും അനുദിനം വളരണമെന്നും തങ്ങളുടെ ശുശ്രൂഷകൾ നന്നായി നിർവ്വഹിക്കുന്നതിലൂടെയും തിരുവചനങ്ങൾ, കൂദാശകളുടെ സ്വീകരണം, യാമപ്രാർത്ഥനകൾ, ആത്മീയാനുഷ്ഠാനങ്ങൾ, എല്ലാറ്റിനുമുപരി വി. കുർബാന കേന്ദ്രീകൃതമായ അജപാലനശുശ്രൂഷവഴിയും ഇതു സാധ്യമാകുമെന്നും ഈ രേഖ പഠിപ്പിക്കുന്നു. വിനയവും വിധേയത്വവും വൈദികബ്രഹ്മചര്യവും ദാരിദ്ര്യാരൂപിയും വൈദികരുടെ ശുശ്രൂഷയെ ഉപര്യുപരി വിശുദ്ധീകരിക്കുന്നു. വിശുദ്ധിയിൽ വളരുവാൻ ആവശ്യമായ ആത്മീയവഴികൾ വൈദികർ തേടണമെന്നും കാലാനുസൃതമായ പഠനവും തുടർപഠനവും വൈദികർ നടത്തണമെന്നും വൈദികശുശ്രൂഷകൾക്കു ജീവിതസുരക്ഷിതത്വത്തിനുള്ള സംവിധാനങ്ങൾ ഉറപ്പുവരുത്തണമെന്നും വൈദികശുശ്രൂഷയിൽ വൈദികർ തനിയെ അല്ല എന്നും സഭാസമൂഹം മുഴുവൻ സഹകരിക്കുന്നുണ്ടെന്നും ഓർമ്മിപ്പിച്ചുകൊണ്ട് ഈ ഡിക്രി സമാപിക്കുന്നു.